**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1836** **20-06-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മോഡേൺ ചൈൽഡ് റീ ഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | മട്ടന്നൂർ മോഡേൺ ചൈൽഡ് റീ ഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | മട്ടന്നൂർ മുൻസിപ്പാലിറ്റിയിൽ പണി കഴിപ്പിച്ച പഴശ്ശി സ്മാരക ബഡ്സ് സ്കൂൾ എന്ന സ്ഥാപനം മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (എം.സി.ആർ.സി) ആയി ഉയർത്തി പ്രവർത്തനം നടത്തിവരുന്നു. നിലവിൽ, പ്രസ്തുത ബഡ്സ് സ്കൂളിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർ മാത്രമാണ് പ്രസ്തുത എം.സി.ആർ.സി-യിലും സേവനം അനുഷ്ഠിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ- സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റിസ്-ന്റെ അനുയാത്ര പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുൻസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിടനിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു. സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് അനിവാര്യമായ ഉപകരണങ്ങളും, ഫർണിച്ചറുകളും ലഭ്യമാക്കിയിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അപ്രകാരം കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുൻസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുള്ള ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പഴശ്ശി സ്മാരക ബഡ്സ് സ്കൂളിൽ ജോലി ചെയ്യുന്നവരുടെ സേവനമാണ് സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്ഥാപനത്തിലേയ്ക്കുള്ള തസ്തികകൾ സൃഷ്ടിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സെന്റർ വിപുലീകരിച്ച് പ്രവർത്തിയ്ക്കുന്നതിനാവശ്യമായ ഉപകരണങ്ങളും |

| | | | |
|---|---|---|---|
| | | | ഫർണിച്ചറുകളും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ